**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - ഏലൂർ നഗരസഭ സെക്രട്ടറി ശ്രീ.ബിജുമോൻ ജേക്കബിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.664/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 20/03/2019

---

പരാമർശം :1) 30/12/2013 തീയതിയിലെ സർക്കുലർ നം.75418/ആർ.എ 1/13/ത.സ്വ.ഭ.വ

2) സർക്കാരിന്റെ 04/05/2017 തീയതിയിലെ ഇയു1/352/15/ത.സ്വ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോ.

3) 3.07.2017 ൽ ശ്രീ.ബിജുമോൻ ജേക്കബ് സമർപ്പിച്ച പ്രതിവാദ പത്രിക

4) നഗരകാര്യ ഡയറക്ടറുടെ 21/11/2018 തീയതിയിലെ വി3-16525/2016/17 മ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണനുമതി, കെട്ടിട നമ്പർ, ഒക്കുപെൻസി സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന മറ്റ് എല്ലാ സർട്ടിഫിക്കറ്റുകളിലും, സർക്കാരിലേയ്ക്ക് അയക്കുന്ന എല്ലാ കത്ത് ഇടപാടുകളിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക ഓഫീസ്, ലാന്റ്ഫോൺ/മൊബൈൽഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാകുന്ന വിധം സീൽ പതിപ്പിക്കേണ്ടതാണെന്നും 1.01.2014 മുതൽ പ്രസ്തുത നിർദ്ദേശം പൂർണ്ണമായും പാലിക്കപ്പെടാത്ത ഉദ്യോഗസ്ഥർക്കെതിരെ വിശദീകരണം ആവശ്യപ്പെടാതെ തന്നെ സർക്കാർ സ്വമേധയാ കർശന വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ ഏലൂർ നഗരസഭ സെക്രട്ടറിയായ ശ്രീ.ബിജുമോൻ ജേക്കബ്, തൃക്കാക്കര നഗരസഭാ സെക്രട്ടറിയായിരുന്ന 03.08.2015 തിയതിയിൽ പേര് രേഖപ്പെടുത്താതെ തദ്ദേശ സ്വയം ഭരണ(ആർ.ബി)വകുപ്പിലേയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ(ആർ.ബി) വകുപ്പ് അണ്ടർ സെക്രട്ടറി ടി നഗരസഭാ സെക്രട്ടറിയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു.

മേൽ അച്ചടക്കലംഘനത്തിന് തൃക്കാക്കര നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ബിജുമോൻ ജേക്കബിന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ പത്രിക നൽകിയിരുന്നു. മേൽ കുറ്റാരോപണ പത്രികയ്ക്ക് പരാമർശം 3 പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ, നഗരസഭാ സെക്രട്ടറിയായി സർവ്വീസിൽ ആദ്യമായി പ്രവേശിക്കുന്നത് 25.07.2015 തിയതിയിൽ തൃക്കാക്കര നഗരസഭയിലാണെന്നും പരിചയക്കുറവ് മൂലം വന്ന വീഴ്ചയാണെന്നും നിലവിൽ ടി സർക്കുലർ പാലിച്ച് വരുന്നതായും നഗരസഭയിലെ ജീവനക്കാരുടെ കുറവും ജോലിഭാരവും സംബന്ധിച്ച് നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണെന്നും, 2015 ലെ തദ്ദേശ സ്ഥാപനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വോട്ടർ പട്ടിക തയ്യാറാക്കുന്ന വേളയിലാണ് തൃക്കാക്കര നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചതെന്നും തെരഞ്ഞെടുപ്പ് പ്രക്രിയ ഭംഗീയായി പൂർത്തീകരിച്ച് 27.11.2015 ൽ ഒറ്റപ്പാലം നഗരസഭയിലേയ്ക്ക് സ്ഥലം മാറി പോയിട്ടുള്ളതെന്നും പ്രസ്തുത നഗരസഭയിൽ 3 മാസം മാത്രം പരിചയമുള്ളപ്പോൾ പരിചയക്കുറവ് മൂലം സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിരുന്നു.

23.07.2015 ൽ സെക്രട്ടറിയായി തൃക്കാക്കരയിൽ ആദ്യ നിയമനം ലഭിച്ച ശ്രീ.ബിജുമോൻ ജേക്കബിന് കേവലം 4 മാസം മാത്രം മാത്രമുള്ളപ്പോൾ സംഭവിച്ച ന്യൂനത, തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച അധിക പ്രവർത്തികളുടെയും നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളുടെയും ഏകോപനം ഒരേ സമയം പ്രാവർത്തികമാക്കുമ്പോൾ ഉണ്ടായ അമിത ജോലിഭാരവും ആദ്യനിയമനത്തെ തുടർന്നുള്ള പരിചയക്കുറവും മൂലമാണെന്നുള്ളതും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലായെന്ന വിശദീകരണവും പരിഗണിച്ച് ശ്രീ.ബിജുമോൻ ജേക്കബിനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

ശ്രീ.ബിജുമോൻ ജേക്കബ് നിലവിൽ മൂന്നാംഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ ഏലൂർ നഗരസഭയിൽ സെക്രട്ടറിയായി ജോലിനോക്കിവരുന്നുവെന്നും ടിയാൾക്കെതിരെ നഗരകാര്യ വകുപ്പിൽ നിന്നും അച്ചടക്ക നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ബിജുമോൻ ജേക്കബിന്റെ വിശദീകരണത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ 23.07.2015 ൽ നഗരസഭ സെക്രട്ടറി തസ്തികയിൽ ആദ്യമായി

പ്രവേശിച്ച ശ്രീ.ബിജ്ജുമോൻ ജേക്കബ് 03.08.2015 തിയതിയിൽ തയ്യാറാക്കിയ കത്തിലാണ് പ്രസ്തുത വീഴ്ച സംഭവിച്ചതെന്ന പരിഗണന നൽകി ശ്രീ.ബിജ്ജുമോൻ ജേക്കബിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ബിജ്ജുമോൻ ജേക്കബ്, സെക്രട്ടറി, ഏലൂർ മുനിസിപ്പാലിറ്റി.
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ് : അഡീഷണൽ ചീഫ് സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്.